# വി. അൽഫോൻസാമ്മയുടെ
# നൊവേന

## പ്രാരംഭഗാനം

അൽഫോൻസാമ്മേ പ്രാർത്ഥിക്കണമേ
ഞങ്ങൾക്കായ് നീ പ്രാർത്ഥിക്കണമേ (2)

സ്തുതിയോടെ കൈ കൂപ്പി നിൽക്കുന്നിതാ
ശരണാർത്ഥികൾ ഞങ്ങൾ തിരുമുമ്പിലായ്
സങ്കടക്കാസകൾ സ്വീകരിക്കണമേ-
സാന്ത്വനം നീ പകർന്നീടണമേ (2)
(അൽഫോൻസാ....)

സഹനങ്ങൾ സർവ്വേശ്വരൻ നല്കിടും
സമ്മാനമാണെന്നു നിന്റെ സാക്ഷ്യം
സന്തോഷത്തോടെല്ലാം കൈനീട്ടി വാങ്ങി-
സങ്കീർത്തനം പാടി നിന്നവൾ നീ (2)
(അൽഫോൻസാ....)

## പ്രാരംഭപ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈകദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുകയും സ്തുതിക്കുകയും പുകഴ്ത്തുകയും അങ്ങേയ്ക്ക് നന്ദി പറയുകയും ചെയ്യുന്നു. അൽഫോൻസാമ്മയെ വിശുദ്ധിയുടെ മാർഗ്ഗത്തിലൂടെ അങ്ങ് നയിച്ചതുപോലെ ഞങ്ങളെയും നേർവഴി കാട്ടി നടത്തണമേ. എളിമയിലും വിനയത്തിലും വിശ്വസ്ഥതയോടെ അങ്ങേയ്ക്ക് ശുശ്രൂഷചെയ്തുകൊണ്ട് വിശുദ്ധിയിലും വിവേകത്തിലും വളരുവാൻ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും.

**സമൂ. ആമ്മേൻ**



Scanned with OKEN Scanner

## സങ്കീർത്തനം

**കാർമ്മി:** സങ്കീർത്തകനോട് ചേർന്ന് നമുക്ക് പ്രാർത്ഥിക്കാം.

**കാർമ്മി:** കർത്താവേ, എന്റെ പ്രാർത്ഥന ചെവിക്കൊള്ളണമേ. എന്റെ നെടുവീർപ്പുകൾ ശ്രദ്ധിക്കണമേ (സങ്കീ. 5:1).

**സമൂ** : എന്റെ രാജാവേ, എന്റെ ദൈവമേ, എന്റെ നിലവിളിയുടെ സ്വരം ശ്രവിക്കണമേ (സങ്കീ. 5:2).

**കാർമ്മി:** കർത്താവാണ് എന്റെ ഇടയൻ; എനിക്ക് ഒന്നിനും കുറവുണ്ടാവുകയില്ല (സങ്കീ. 23:1).

**സമൂ** : മരണത്തിന്റെ നിഴൽവീണ താഴ്‌വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും, അവിടുന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല (സങ്കീ. 23:4).

**കാർമ്മി:** കർത്താവ് എന്റെ പ്രകാശവും രക്ഷയുമാണ്. ഞാൻ ആരെ ഭയപ്പെടണം (സങ്കീ. 27:14).

**സമൂ** : കർത്താവ് എന്റെ ജീവിതത്തിന് കോട്ടയാണ്, ഞാൻ ആരെ പേടിക്കണം (സങ്കീ. 27:1b).

**കാർമ്മി:** അങ്ങയുടെ വാക്കുകൾ എനിക്ക് എത്ര മധുരമാണ്! അവ എന്റെ നാവിന് തേനിനേക്കാൾ മധുരമാണ് (സങ്കീ. 119:103).

**സമൂ** : അങ്ങയുടെ വചനം എന്റെ പാദത്തിന് വിളക്കും പാതയിൽ പ്രകാശവുമാണ് (സങ്കീ. 119:105).

**കാർമ്മി:** കർത്താവ് ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം വ്യർത്ഥമാണ് (സങ്കീ. 127:1).

**സമൂ** : കർത്താവ് നഗരം കാക്കുന്നില്ലെങ്കിൽ കാവൽക്കാർ ഉണർന്നിരിക്കുന്നതും വ്യർത്ഥം (സങ്കീ. 127:1b).



Scanned with OKEN Scanner

**കാർമ്മി:** കർത്താവിനെ ഭയപ്പെടുകയും അവിടുത്തെ വഴികളിൽ നടക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ (സങ്കീ. 128:1).

**സമൂ :** അവിടുത്തെ നന്മയും കരുണയും ജീവിതകാലം മുഴുവൻ എന്നെ അനുഗമിക്കും; കർത്താവിന്റെ ആലയത്തിൽ ഞാൻ എന്നേക്കും വസിക്കും (സങ്കീ. 23:6).

**കാർമ്മി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ :** ആദിമുതൽ എന്നേക്കും ആമ്മേൻ.

## കാറോസൂസാ പ്രാർത്ഥനകൾ

*(താഴെ കാണുന്ന പ്രാർത്ഥനകളിൽനിന്നും 4/5 എണ്ണം തിരഞ്ഞെടുത്ത് ചൊല്ലുക)*

**കാർമ്മി:** നമുക്കു പ്രാർത്ഥിക്കാം.

"ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" എന്ന ഈശോയുടെ കല്പന സ്വജീവിതത്തിൽ പ്രാവർത്തികമാക്കിയ അൽഫോൻസാമ്മേ, കാരുണ്യത്തിന്റെയും സാഹോദര്യത്തിന്റെയും ഉപകരണങ്ങളായി വർത്തിക്കുവാൻ ഞങ്ങളെ സഹായിക്കണമെന്ന് ഞങ്ങൾ പ്രാർ ത്ഥിക്കുന്നു.

**സമൂ :** അൽഫോൻസാമ്മേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**കാർമ്മി:** മാമ്മോദീസായിൽ ലഭിച്ച വരപ്രസാദം മരണംവരെ നഷ്ടപ്പെടുത്താതെ കാത്തുസൂക്ഷിച്ച അൽഫോ ൻസാമ്മേ, പ്രകാശത്തിന്റെ പാതയിൽ ചരിച്ച് വിശുദ്ധിയിൽ വളരുവാൻ ഞങ്ങളെ സഹായിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ :** അൽഫോൻസാമ്മെ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.



Scanned with OKEN Scanner

**കാർമ്മി:** ദൈവസ്നേഹത്തെപ്രതി എല്ലാം സഹിക്കുകയും അതിൽ സന്തോഷം കണ്ടെത്തുകയും ചെയ്ത അൽഫോൻസാമ്മേ, പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും ചൈതന്യത്തിൽ സമർപ്പിതജീവിതം നയിക്കുന്നതിന് തല്പരരും യോഗ്യരുമായ ധാരാളം യുവതീയുവാക്കന്മാരെ ലഭിക്കുവാൻ ഇടവരുത്തണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ :** അൽഫോൻസാമ്മേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**കാർമ്മി:** കർത്താവിനോട് എപ്പോഴും വിശ്വസ്തയായി ജീവിച്ച അൽഫോൻസാമ്മേ, കുടുംബജീവിതം നയിക്കുവാനാഗ്രഹിക്കുന്ന യുവതീ യുവാക്കന്മാർക്ക് അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കുന്നതിനും, മക്കളില്ലാതെ ദുഃഖിക്കുന്ന ദമ്പതികൾക്ക് സന്താനഭാഗ്യവും ഗർഭസ്ഥ ശിശുക്കൾക്ക് പരിരക്ഷയും ലഭിക്കുന്നതിനും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ :** അൽഫോൻസാമ്മേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**കാർമ്മി:** ശാരീരികവും മാനസികവുമായ രോഗങ്ങൾമൂലം ആശുപത്രിയിലും അഗതിമന്ദിരങ്ങളിലും ഭവനങ്ങളിലും കഴിയുന്ന ഞങ്ങളുടെ സഹോദരങ്ങൾക്ക് സൗഖ്യവും അവരെ പരിചരിക്കുന്നവർക്ക് പ്രത്യേക സംരക്ഷണവും ദിവ്യഭിഷഗ്വരനായ ഈശോയിൽനിന്നും നല്കി കാത്തുകൊള്ളണമേയെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ :** അൽഫോൻസാമ്മേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.



Scanned with OKEN Scanner

**കാർമ്മി:** പഠനത്തിനും ജോലിക്കും മറ്റാവശ്യങ്ങൾക്കുമായി ഞങ്ങളുടെ ഭവനങ്ങളിൽനിന്ന് അകന്നുകഴിയുന്നവരെയും പ്രവാസികളെയും കാത്തുപരിപാലിക്കണമെന്നും യാത്രയിൽ ഉണ്ടാകാവുന്ന എല്ലാ അപകടങ്ങളിൽ നിന്നും അവരെ സംരക്ഷിക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ :** അൽഫോൻസാമ്മേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**കാർമ്മി:** കുഞ്ഞുങ്ങൾക്ക് ഉത്തമ ഗുരുഭൂതയായിരുന്ന അൽഫോൻസാമ്മേ ഞങ്ങളുടെ വിദ്യാർത്ഥീ-വിദ്യാർത്ഥിനികൾ തങ്ങളുടെ പഠന ആവശ്യങ്ങൾക്കായി സമർപ്പിക്കുന്ന പ്രാർത്ഥനാനിയോഗങ്ങൾ കർത്താവീശോമിശിഹായിൽനിന്ന് സാധിച്ചുകൊടുക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ :** അൽഫോൻസാമ്മേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**കാർമ്മി:** "ഒന്നുമോർത്ത് നിങ്ങൾ ദുഃഖിക്കേണ്ട, കർത്താവ് എപ്പോഴും നമ്മോടൊപ്പമുണ്ട്" എന്നു പറഞ്ഞുകൊണ്ട് ദൈവഹിതത്തിനു തന്നെത്തന്നെ സമർപ്പിച്ച്, ജീവിച്ച അൽഫോൻസാമ്മേ, അനുദിന ജീവിതത്തിലെ സുഖദുഃഖങ്ങളിലും ജയപരാജയങ്ങളിലും ദൈവഹിതത്തിനു വിധേയപ്പെട്ടു ജീവിക്കുവാനും, വിശുദ്ധിയിലും വിജ്ഞാനത്തിലും കുഞ്ഞുങ്ങളെ വളർത്തുവാനും മാതാപിതാക്കന്മാരെ സഹായിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ :** അൽഫോൻസാമ്മേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.



Scanned with OKEN Scanner

**കാർമ്മി:** തിരുസ്സഭയേയും തിരുസ്സഭാധികാരികളെയും ഏറെ സ്നേഹിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത അൽഫോൻസാമ്മേ, തിരുസ്സഭയെ സംരക്ഷിക്കണമെന്നും മാർപ്പാ പ്പായേയും മെത്രാന്മാരേയും കാത്തുപരിപാലിക്കണമെന്നും വൈദികരേയും സമർപ്പിതരേയും വിശുദ്ധിയുടെ മാർഗ്ഗത്തിലൂടെ നയിക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ** : അൽഫോൻസാമ്മേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**കാർമ്മി:** സാമ്പത്തികമായി ക്ലേശിക്കുന്നവർ, കടബാദ്ധ്യതയിൽ കഴിയുന്നവർ, ഉപജീവനത്തിനാവശ്യമായ ജോലിയില്ലാതെ കഷ്ടപ്പെടുന്നവർ, ഭവനരഹിതർ, ആശയറ്റവർ തുടങ്ങിയവരുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുന്നതിനും അവർ ദൈവപരിപാലനയിൽ ആശ്രയിച്ച് വിശ്വാസത്തോടെ ജീവിക്കുന്നതിനും ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ** : അൽഫോൻസാമ്മേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**കാർമ്മി:** യുവതീയുവാക്കൾ, വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ എന്നിവർ മാതൃകാപൂർവ്വം ജീവിച്ച് നന്മയിലും വിശുദ്ധിയിലും വിജ്ഞാനത്തിലും വളരുവാനും സ്ഥിരോത്സാഹത്താലും അദ്ധ്വാനശീലത്താലും ഉന്നതവിജയം നേടി പരിശുദ്ധാത്മാവിന്റെ കൃപയാൽ നിറഞ്ഞ് ജീവിതമൂല്യങ്ങളിലും സന്മാർഗ്ഗത്തിലും ദൈവവിശ്വാസത്തിലും അടിയുറച്ച് ഉചിതമായ ജീവിതാന്തസ്സ് കണ്ടെത്തി ജീവിക്കുവാനും ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ** : അൽഫോൻസാമ്മേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.



Scanned with OKEN Scanner

**കാർമ്മി:** പ്രാർത്ഥന, കൗദാശികജീവിതം എന്നിവയിൽനിന്ന് അകന്നുകഴിയുന്നവരും മദ്യം, ലഹരിവസ്തുക്കൾ, മറ്റ് ദുശ്ശീലങ്ങൾ എന്നിവയുടെ അടിമകളായി ജീവിക്കുന്നവരും മാനസാന്തരത്തിലൂടെ പ്രാർത്ഥനാചൈതന്യവും സഹോദരസ്നേഹവും വിശ്വാസതീക്ഷ്ണതയും നിറഞ്ഞ് ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും സമാധാനമില്ലാത്ത കുടുംബങ്ങളിൽ ഭിന്നിച്ചുകഴിയുന്ന കുടുംബാംഗങ്ങൾ പരസ്പരം ക്ഷമിച്ച് സ്നേഹത്തിൽ വളരുന്നതിനും ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ :** അൽഫോൻസാമ്മേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**കാർമ്മി:** നമ്മുടെ പ്രത്യേക പ്രാർത്ഥനാനിയോഗങ്ങളെ സമർപ്പിച്ച് മൗനമായി പ്രാർത്ഥിക്കാം.

*(നിശബ്ദപ്രാർത്ഥന)*

***(ഗാനം - പനിനീർ തളിക്കുന്നു.)***

അൽഫോൻസാമ്മതൻ വിശുദ്ധിതൻ-
പനിനീരു നിറയട്ടെ നമ്മളിലും (2)

സ്വർഗ്ഗീയ വഴിയിലൂടെ
ഈയാത്ര തുടരാനായ് (2)

സഹനങ്ങളാലിതൾ ചൂടിയ സൂനം
സ്നേഹ സുഗന്ധിയായി -
സ്നേഹ സുഗന്ധിയായി (2)
(അൽഫോൻസാമ്മ....)

## വി. അൽഫോൻസായോടുള്ള യാചനാ പ്രാർത്ഥന

*(ചൊല്ലിത്തരുന്നത് ഏറ്റുചൊല്ലുക)*

**ഭാരതസഭയുടെ അലങ്കാരമായ അൽഫോൻസാമ്മേ/ ഞങ്ങളേയും ഞങ്ങളുടെ കുടുംബങ്ങളേയും/ ഞങ്ങളുടെ മാതൃരാജ്യത്തേയും/ ലോകം മുഴുവനേയും/ ഞങ്ങൾ അങ്ങേയ്ക്ക് ഭരമേല്പിക്കുന്നു./ ഓ! സഹനത്തിന്റെ പുത്രീ/ ഞങ്ങൾ നിന്റെ മാതൃക അനുകരിച്ച്/ ഞങ്ങളുടെ കഷ്ടപ്പാടുകളിലെല്ലാം/ ദൈവപരിപാലന ദർശിക്കുവാനും/ അവിടുത്തെ തിരുമനസ്സിനു/ കീഴ്വഴങ്ങിജീവിക്കുവാനും/ അവസാനം നിന്നോടുകൂടി/ സ്വർഗ്ഗത്തിലെത്തിച്ചേരുവാനും വേണ്ട അനുഗ്രഹം/ ഞങ്ങൾക്ക് നേടിത്തരണമെന്ന്/ നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.**

## സമാപന ആശീർവ്വാദം

കാരുണ്യവാനും അനുഗ്രഹസമ്പന്നനുമായ ദൈവമേ, ഞങ്ങളെ മുഴുവനായി ഞങ്ങൾ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. ഞങ്ങളുടെമേൽ അങ്ങ് വർഷിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്ക് ഞങ്ങൾ നന്ദിപറയുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിക്കണമേ. അൽഫോൻസാമ്മയെ ഞങ്ങൾക്ക് മാതൃകയും മധ്യസ്ഥയുമായി നൽകിയ കർത്താവേ, ആത്മീയവും ശാരീരികവുമായ എല്ലാ അപകടങ്ങളിലുംനിന്ന് ഞങ്ങളെ രക്ഷിക്കണമേ. ഈ നൊവേന ഏറ്റുനടത്തുന്നവരേയും അവരുടെ കുടുംബാംഗങ്ങളെയും ഇവിടെ സന്നിഹിതരായിട്ടുള്ളവരേയും അവരുടെ പ്രാർത്ഥനാനിയോഗങ്ങളെയും ആശീർവ്വദിക്കണമേ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടും കൂടെയുണ്ടായിരിക്കട്ടെ. ഇപ്പോഴും ✠ എപ്പോഴും ✠ എന്നേയ്ക്കും.

സമൂ : ആമ്മേൻ.



Scanned with OKEN Scanner

## സമാപനഗാനം

ഭാരതസഭയുടെ പൂമടിയിൽ
ഭരണങ്ങാനം പൂവനിയിൽ
പുഞ്ചിരി തൂകിയ പൊൻപൂവേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ് (ഭാരത....)

പരമപിതാവിന് സ്വയമേകി
പീഡകളിൽ നിർവൃതി തേടി
പരിഭവമെന്ന പദംപോലും
പാരിതിലുരിയാടാത്തവൾ നീ
പാതകളിൽ കൂട്ടായ് വരണേ
പുണ്യവതീയൽഫോൻസാമ്മേ (ഭാരത....)

പുത്തൻപാഠം ക്ഷമയിൽ നീ
ചാലിച്ചന്നുപഠിപ്പിച്ചു
ഭേദം കൂടാതേവരേയും
പൊതിയുകയായ് നീ സ്നേഹത്താൽ
പകരുക കൃപയുടെ പൂമ്പൊടി നീ
പുണ്യവതീയൽഫോൻസാമ്മേ (ഭാരത....)

Scanned with OKEN Scanner